# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 240 | 28/11/2018-ൽ മറുപടിക്ക്

## മംഗലപുരത്തെ അർബുദ നിയന്ത്രണ പഠന കേന്ദ്രം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.വിൻസെന്റ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | തിരുവനന്തപുരം ജില്ലയിൽ ആർ.സി.സി യുടെ കീഴിൽ മംഗലപുരത്ത് പ്രവർത്തിക്കുന്ന അർബുദ നിയന്ത്രണ പഠന കേന്ദ്രം അടച്ച് പൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | എ) യും ബി) യും | മംഗലപുരത്ത് പ്രവർത്തിക്കുന്ന ഗർഭാശയഗളം-സ്തനാർബുദ നിർണ്ണയ കേന്ദ്രം ലോകാരോഗ്യ സംഘടനയുടെ കീഴിലുള്ള ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസറിന്റെ (IARC) സഹായത്തോടെ നടത്തുന്ന ഒരു റിസർച്ച് പ്രോജക്ട് ആണ്. ഇത് തുടർന്ന് നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ഇനി ലഭിക്കാൻ സാധ്യതയില്ല. ഈ പദ്ധതി തുടർന്നുകൊണ്ടുപോകണമെങ്കിൽ ഏകദേശം അമ്പതുലക്ഷത്തോളം രൂപ ഒരു വർഷത്തേക്ക് ചെലവ് വരുന്നതാണ്. |
| ബി) | പതിനേഴ് പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ജനങ്ങളുടെ ഏക ആശ്രയമായി പ്രവർത്തിച്ചിരുന്ന അർബുദ നിയന്ത്രണ പഠന കേന്ദ്രം നിലനിർത്തുന്നതിന് ഇടപെടലുകൾ നടത്തുമോ ? | | |

സെക്ഷൻ ഓഫീസർ